**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4915** **23.03.2018** -ലെ മറുപടിക്ക്

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ ധനസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ ധനസഹായം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17-ൽ 14946 കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. 2017-18-ൽ ഇതുവരെ 6882 പേർക്ക് ധനസഹായം നൽകി.<br>ഭവനനിർമ്മാണത്തിനായി നാളിതുവരെ 5,42,59,15,316/- രൂപ ചെലവഴിച്ചു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | ഇതിനായി എത്ര തുക അനുവദിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | | |
| (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്വന്തമായി ഭൂമിയുള്ള വാസയോഗ്യമായ വീടില്ലാത്ത 50,000/- രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 4,00,000/- രൂപ ധനസഹായം നൽകുന്നു. ടി തുക 15%, 30%, 40%, 15% എന്ന നിരക്കിൽ 4 ഗഡുക്കളായി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടുവഴി വിതരണം ചെയ്യുന്നു. സർക്കാർ ഏജൻസികളിൽ നിന്ന് മുൻപ് ഇതേ ആവശ്യത്തിന് ധനസഹായം ലഭിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് ധനസഹായം നൽകുന്നത്. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാനം, |

| | | | |
|---|---|---|---|
| | | | കൈവശാവകാശം എന്നിവ തെളിയിക്കുന്ന രേഖകളും തിരിച്ചറിയൽ രേഖകളും മുൻപ് ഇതേ ആവശ്യത്തിന് ധനസഹായം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർമാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാകാത്ത ഇടങ്ങളിൽ പത്രപരസ്യം മുഖേന അപേക്ഷ ക്ഷണിച്ചും വകുപ്പ് മുഖേന ഭൂമി ലഭിച്ചവരിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

# HOUSING SCHEME – DISTRICTWISE EXPENDITURE DURING THE PERIOD OF THIS GOVERNMENT

| District | 2016-17 | 2017-18 | Total |
|---|---:|---:|---:|
| Thiruvananthapuram | 281820246 | 379785036 | 661605282 |
| Kollam | 219966750 | 299740000 | 519706750 |
| Pathanamthitta | 123855000 | 189990500 | 313845500 |
| Alappuzha | 134985186 | 187242750 | 322227936 |
| Kottayam | 114960000 | 132770000 | 247730000 |
| Idukki | 122490282 | 114992506 | 237482788 |
| Ernakulam | 234970552 | 290819478 | 525790030 |
| Thrissur | 265000000 | 305575000 | 570575000 |
| Palakkad | 289990500 | 490060000 | 780050500 |
| Malappuram | 264990414 | 323520072 | 588510486 |
| Kozhikode | 154970630 | 201695126 | 356665756 |
| Wayanad | 29835030 | 34315000 | 64150030 |
| Kannur | 59985174 | 74780048 | 134765222 |
| Kasargod | 47190036 | 55620000 | 102810036 |

സെക്ഷൻ ഓഫീസർ